പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 382 19.03.2013-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബി യെ കമ്പനിയാക്കുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കെ എസ്. ഇ. ബിയെ കമ്പനിയാക്കുവാൻ തിരുമാനിച്ചിട്ടുണ്ടോ ; | (എ) | 2003-ലെ വൈദ്യുതി നിയമം അനുശാസിക്കും പ്രകാരവും കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചും സംസ്ഥാന വൈദ്യുതി ബോർഡിനെ പുന:സംഘടിപ്പിക്കാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് കെ.എസ്.ഇ.ബിയുടെ മുഴുവൻ ആസ്തി ബാധ്യതകളും ഏറ്റെടുത്തു കൊണ്ട് 2008 സെപ്റ്റംബർ 25 ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ആസ്തി ബാധ്യതകൾ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്നുമുതലാണ് പ്രസ്തുത തിരുമാനം നടപ്പിലാക്കുന്നതെന്നറിയിക്കുമോ ; | (ബി) | 25.09.2008-ലെ ഉത്തരവിലൂടെ സർക്കാർ ഏറ്റെടുത്ത കെ.എസ്.ഇ.ബിയുടെ മുഴുവൻ ആസ്തി ബാധ്യതകൾ, ഇന്ത്യൻ കമ്പനി നിയമത്തിൽ കീഴിൽ രൂപം കൊടുക്കുന്ന ഒരു കമ്പനിയിലേയ്ക്ക് 30.09.2009 നു മുമ്പ് പുനർനിക്ഷിപ്തമാക്കണമെന്നാണ് ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിന്റെ ഖണ്ഡിക 6(1) നിർദ്ദേശിച്ചിരുന്നത്. ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിന് 31.03.2013 വരെയാണ് ഇപ്പോൾ സർക്കാർ സമയം അനുവദിച്ചിട്ടുള്ളത്. |
| (സി) | ബോർഡിനെ കമ്പനിയാക്കുമ്പോൾ ജീവനക്കാരുടെ പെൻഷൻ ആരാണ് നൽകുകയെന്ന് വ്യക്തമാക്കുമോ ; | (സി), (ഡി) &(ഇ) | വൈദ്യുതി ബോർഡിനെ പുന:സംഘടിപ്പിക്കുമ്പോൾ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് അവർക്ക് ഒരു തരത്തിലും ദോഷം വരാത്ത രീതിയിൽ, |

(ഡി) കമ്പനി ഇതിന് എന്ത് സംവിധാനമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ആയതിന് ആവശ്യമായ ഫണ്ട് എങ്ങനെയാണ് ലഭ്യമാക്കുക എന്ന് അറിയിക്കുമോ ?

2003-ലെ വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പുന:സംഘടനാ നടപടി ക്രമങ്ങൾ കൈക്കൊള്ളുകയും അതനുസരിച്ചുള്ള ഒരു കൈമാറ്റ പദ്ധതിയുടെ കരട്ടുരേഖയ്ക്ക് രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ തുടർന്നും നൽകുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഈ ട്രാൻസ്ഫർ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ ബാധ്യത ഏറ്റെടുക്കുന്നതിന് ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിനും പെൻഷൻ വിതരണം ഈ മാസ്റ്റർ ട്രസ്റ്റ് ഫണ്ട് മുഖാന്തിരം നടത്തുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് ഇതിലേക്കായി പരിഗണിക്കുന്നത്. പെൻഷൻ ബാധ്യതയ്ക്ക് തുല്യമായ തുകയ്ക്കുള്ള ബോണ്ട് കമ്പനി ഇഷ്യൂ ചെയ്യുന്നതിനും ഈ ബോണ്ട് മുഴുവനായും പുതുതായി രൂപീകരിക്കുന്ന മാസ്റ്റർ ട്രസ്റ്റ് സബ് സ്ക്രൈബ് ചെയ്യുന്നതിനും ഓരോ വർഷവും ബോണ്ടിന്റെ പലിശയും മുതലിലുള്ള തിരിച്ചടവും കൂടാതെ ഓരോ വർഷവും അതതു വർഷത്തെ നിലവിലുള്ള ജീവനക്കാരുടെ ആനുപാതിക പെൻഷൻ ബാധ്യതയും കോൺട്രിബ്യൂഷനായി ട്രസ്റ്റ് ഫണ്ടിൽ ചേർക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്. പെൻഷൻ ഫണ്ടിനാവശ്യമായ തുക സർക്കാരും കമ്പനിയും ചേർന്ന് കോൺട്രിബ്യൂട്ട് ചെയ്യുന്നതരത്തിലാണ് കൈമാറ്റ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ.